# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5136

30.06.2014-ലെ മറുപടിക്ക്

## തടവുകാരുടെ ക്ഷേമ പ്രവർത്തനങ്ങളും പുനരധിവാസവും

**ചോദ്യം**

ശ്രീ.ഇ.പി.ജയരാജൻ
ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ.ബാബു.എം.പാലിശ്ശേരി
ശ്രീ.പുരുഷൻ കടലുണ്ടി

**മറുപടി**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) ജയിലുകളിലെ തടവുകാരുടെ ക്ഷേമപ്രവർത്തനങ്ങളും അവരുടെ പുനരധിവാസ പ്രവർത്തനങ്ങളും അവലോകനം നടത്താറുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിലത്തെ അവലോകന വിവരങ്ങൾ വിശദമാക്കാമോ; | എ) | ജയിലുകൾ കഴിയുന്ന തടവുകാരുടെ ക്ഷേമത്തിനുള്ള പദ്ധതികളുടെ അവലോകനം അതാതു സാമ്പത്തിക വർഷം കഴിയുമ്പോൾ നടത്താറുണ്ട്. ജയിൽ മോചിതരായ ശേഷം, തടവുകാരുടെ പുനരധിവാസം സംബന്ധിച്ച കാര്യങ്ങൾ അവലോകനം നടത്താറില്ല. 2013-14 സാമ്പത്തിക വർഷത്തിൽ തടവുകാരുടെ ക്ഷേമം പദ്ധതി പ്രകാരം ജയിൽ വകുപ്പിന് ലഭിച്ച 2½ കോടി (രണ്ടര കോടി) രൂപ ഉപയോഗിച്ച് രോഗികളായ തടവുകാരെ ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള ആംബുലൻസ് വാങ്ങുകയും ജയിൽ ലൈബ്രറികൾ വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുക മുഴുവനും വിനിയോഗിച്ചിട്ടുണ്ട്. |
| (ബി) പരോൾ നൽകുന്ന വ്യവസ്ഥകളിൽ മാറ്റം വരുത്താനുദ്ദേശമുണ്ടോ; പരോൾ അനുവദിക്കുന്നതിൽ വിവേചനം കാണിക്കുന്നതായുള്ള പരാതികളിൻമേലുള്ള നിലപാട് വെളിപ്പെടുത്താമോ; | ബി) | 1958-ലെ കേരള ജയിൽ ചട്ടങ്ങൾ സമൂലമായി പരിഷ്ക്കരിച്ചുകൊണ്ട് കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് മാനേജ്മെന്റ് റൂൾസ് എന്ന പേരിൽ പുതിയ ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ചട്ടങ്ങൾ പ്രകാരം പരോൾ വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുണ്ട്. നിലവിലുള്ള പരോൾ ചട്ടങ്ങളനുസരിച്ച് അർഹതയുള്ള എല്ലാ തടവുകാർക്കും വിവേചനം കൂടാതെ പരോൾ |

| | | |
|---|---|---|
| | | നല്കിവരുന്നുണ്ട്. എന്നാൽ പോലീസിൽ നിന്നുള്ള റിപ്പോർട്ട് അനുകൂലമല്ലാത്തതിനാൽ ചില തടവുകാർക്ക് പരോൾ ലഭിക്കാതെ വരുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ പരോൾ ലഭിക്കാത്ത തടവുകാരുടെ കേസുകൾ ജയിൽ ഉപദേശക സമിതികൾ അവലോകനം നടത്തി പരോൾ അനുവദിക്കുന്നതിന് ശുപാർശ നൽകുന്ന മുറയ്ക്ക് സർക്കാർ നടപടി സ്വീകരിക്കാറുണ്ട്. |
| (സി) ജയിലുകളുടെ പ്രവർത്തനം കാലാനുസൃതവും തടവുകാരുടെ സ്വഭാവ പരിവർത്തനത്തിന് സഹായകരവുമായിട്ടുള്ള അവസ്ഥയിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കാമോ? | സി) | നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ